ദേശാഭിമാനി

# അക്ഷരമുറ്റം

TALENT FEST 2026

## സ്കൂൾതല ക്വിസിനുള്ള ചോദ്യങ്ങൾ

### ഹയർ സെക്കൻഡറി വിഭാഗം

### ക്വിസ് മാസ്റ്റർക്കുള്ള നിർദ്ദേശങ്ങൾ

സ്കൂൾതല ക്വിസ് മത്സരത്തിനുള്ള ചോദ്യങ്ങളാണിത്. ഉത്തരങ്ങൾ ഓരോ ചോദ്യത്തിനും തൊട്ടുതാഴെയുണ്ട്. 20 ചോദ്യങ്ങളാണ് മത്സരത്തിന് ഉപയോഗിക്കേണ്ടത്. ടൈ വരികയാണെങ്കിൽ ഉപയോഗിക്കാനുള്ളതാണ് അവസാനത്തെ 5 ചോദ്യങ്ങൾ. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനപുസ്തകവും സർട്ടിഫിക്കറ്റുമുണ്ട്. അവ ഉപജില്ലാ മത്സരകേന്ദ്രത്തിൽ നൽകും. ഒന്നും രണ്ടും സ്ഥാനക്കാരാണ് ഉപജില്ലാ മത്സരത്തിൽ പങ്കെടുക്കേണ്ടത്. അതിന് പറ്റിയ രീതിയിൽ ടൈ ബ്രേക്ക് ചെയ്യണം. സ്കൂളിന്റെ സാധ്യതയ്ക്കനുസരിച്ച് ചോദ്യം ചോദിക്കുകയോ എഴുതിക്കുകയോ ചെയ്യാം. ഒന്നും രണ്ടും സ്ഥാനം നേടിയ വിദ്യാർഥികളുടെ പേരുവിവരം പ്രധാനാധ്യാപകൻ സാക്ഷ്യപ്പെടുത്തി കുട്ടികളെ ഏൽപിക്കണം. ഉപജില്ല മത്സരകേന്ദ്രത്തിലെ രജിസ്ട്രേഷന് അത് ആവശ്യമാണ്. ഉപജില്ലയിലും ജില്ലയിലും സംസ്ഥാനതലത്തിലും വ്യക്തിഗതമായാണ് ക്വിസ് മത്സരം.

1) അഖിലേന്ത്യ തലത്തിൽ നടന്ന നീറ്റ് പരീക്ഷയിലെ ക്രമക്കേടുകൾ പരിഹരിക്കണമെന്നും കുറ്റക്കാർക്കെതിരെ നടപടി വേണമെന്നും ആവശ്യപ്പെട്ട് ഡൽഹിയിലെ ജന്തർമന്തറിൽ ജെൻസിപ്രക്ഷോഭം നടന്നു. ഈ പ്രക്ഷോഭത്തെ നയിച്ച കോക്ക്റോച്ച് ജനതാപാർട്ടിയുടെ മുഖ്യസ്ഥാപകൻ ആര്?
ഉത്തരം: അഭിജിത് ദീപ്കെ

2)വൈഭവ് സൂര്യ വംശി കളിക്കുന്ന ഐപിഎൽ ടീം ഏത് ?
ഉത്തരം : രാജസ്ഥാൻ റോയൽസ്

3) പുതിയ നിർമിതബുദ്ധി പ്രോജക്റ്റുകൾക്ക് 'അവക്കാഡോ', 'മാംഗോ', 'വാട്ടർമെലൺ' തുടങ്ങിയ പേരുകൾ നൽകിയ പ്രമുഖ ടെക് കമ്പനി ഏതാണ്?
ഉത്തരം: മെറ്റ (Meta)

4) ഇ സന്തോഷ് കുമാർ രചിച്ച ഒരു നോവലിൽ ഗോപാൽ ബറുവ ആണ് കേന്ദ്ര കഥാപാത്രമായി വരുന്നത്. വയലാർ അവാർഡ് ലഭിച്ച ഈ മലയാള നോവലിന്റെ പേര് ?
ഉത്തരം: തപോമയിയുടെ അച്ഛൻ

5) $x + (1/x) = 3$ ആയാൽ, $x^3 + (1/x^3)$ ന്റെ വിലയെന്ത്?
a. 27 b. 18 c. 24 d.9
ഉത്തരം: b.18

6) നമ്മൾ വായനാദിനം ആചരിക്കുന്നത് ഏത് ദിവസമാണ്?
ഉത്തരം : ജൂൺ 19

7) ഫ്ലൂറിൻ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഇലക്ട്രോ നെഗറ്റിവിറ്റി ഉള്ള മൂലകം ഏത്?
ഉത്തരം: ഓക്സിജൻ

8) ഏത് ജീവി വഴിയുള്ള പരാഗണമാണ് മാലകോഫിലി(Malacophily) ?. താഴെ തന്നിരിക്കുന്നവയിൽ നിന്ന് തെരഞ്ഞെടുക്കുക
a. ഞണ്ട് b. വവ്വാൽ c. ഉറുമ്പ് d.ഒച്ച്

ഉത്തരം: d.ഒച്ച്

9) 'ദ സെക്കൻഡ് ഓർബിറ്റ് ' (The Second Orbit: Belief of man... Dream of 1.4 Billion Hearts) എന്ന പുസ്തകം രചിച്ചതാര് ? അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ (ISS) എത്തിയ ആദ്യത്തെ ഇന്ത്യക്കാരനായ ബഹിരാകാശ സഞ്ചാരിയാണ് ഇദ്ദേഹം.
ഉത്തരം: ശുഭാംശു ശുക്ല

10) 2026 ലോകകപ്പ് ഫുട്ബോൾ ടൂർണമെന്റിലെ ഉദ്ഘാടന മത്സരം ഏതൊക്കെ രാജ്യങ്ങൾ തമ്മിലായിരുന്നു?
ഉത്തരം: മെക്സിക്കോ - ദക്ഷിണാഫ്രിക്ക

techsandquiz.in

11) 72ാമത് നെഹ്റു ട്രോഫി വള്ളംകളി ജേതാവായ ചുണ്ടൻ വള്ളത്തിന്റെ പേര്?
ഉത്തരം: അരോമ ചുണ്ടൻ

12) LED യുടെ പൂർണരൂപം എന്ത് ?
ഉത്തരം : ലൈറ്റ് എമിറ്റിങ് ഡയോഡ് (Light Emitting Diode)

13) പതിനാറാം കേരള നിയമസഭയിലെ വനിതകളുടെ എണ്ണം എത്രയാണ്?
ഉത്തരം: 11

14) പുന്നപ്ര വയലാർ സമരം നടന്ന വർഷം?
ഉത്തരം: 1946

15) സാമ്രാജത്വവിരുദ്ധ പോരാട്ടങ്ങൾ നയിച്ച ലോകനേതാവിന്റെ ജൻമശതാബ്ദിയാണ് ഈ വർഷം ആഗസ്ത് 13ന് ലോകം ആചരിച്ചത്. ആരുടെ?
ഉത്തരം ഫിദൽ കാസ്ട്രോ

16) ഓറൽ പോളിയോ വാക്സിൻ കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ?
ഉത്തരം: ആൽബർട്ട് സാബിൻ

17) Fill in the blank with suitable preposition.
The Headmaster congratulate him ............his success .
(at, of, by, on, about)
ഉത്തരം: on

18) ദാദ സാഹിബ് ഫാൽക്കേ പുരസ്കാരം നേടിയ ആദ്യ മലയാളി?
ഉത്തരം: അടൂർ ഗോപാലകൃഷ്ണൻ

19) സെൻസസ് സംബന്ധമായ സംശയങ്ങൾക്കും വിവരങ്ങൾ അറിയുന്നതിനും ആയി കേന്ദ്രസർക്കാർ പുറത്തിറക്കിയ ടോൾഫ്രീ നമ്പർ?
ഉത്തരം: 1855

20) അമ്മ (Mother)എന്ന ലോകപ്രശസ്ത റഷ്യൻ നോവൽ രചിച്ചതാര് ?
ഉത്തരം : മാക്സിം ഗോർക്കി

**ടൈ ബ്രേക്കർ ചോദ്യങ്ങൾ**

1. ഐഎസ്ആർഒ (ISRO) യുടെ പ്രഥമ സൗരപഠന ദൗത്യത്തിന്റെ പേരെന്ത്?
ഉത്തരം: ആദിത്യ എൽ1 (Aditya L1) (മുഴുവൻ പേരെഴുതിയാൽ മാത്രം മാർക്ക്)

2. 2026 ലെ സീനിയർ വനിത ഹോക്കി ലോകകപ്പ് നേടിയ രാജ്യം?
ഉത്തരം: അർജന്റീന

3. ഒളിമ്പിക്സ് ചരിത്രത്തിൽ വ്യക്തിഗത ഇനത്തിൽ ഇന്ത്യയ്ക്ക് വേണ്ടി ആദ്യമായി സ്വർണ്ണമെഡൽ നേടിയ കായികതാരം ആര്?
ഉത്തരം: അഭിനവ് ബിന്ദ്ര

4. ഇന്ത്യയുടെ ഇപ്പോഴത്തെ സംയുക്ത സൈനിക മേധാവി ആര്?
ഉത്തരം: ലഫ്. ജനറൽ എൻ എസ് രാജസുബ്രഹ്മണി (പേര് മാത്രം എഴുതിയാലും മാർക്കുണ്ട്. ഇനീഷ്യൽ തെറ്റിച്ചാൽ മാർക്കില്ല)

5. കേരള സാഹിത്യ അക്കാദമിയുടെ ആദ്യത്തെ അധ്യക്ഷൻ (പ്രസിഡന്റ്) ആരായിരുന്നു?
ഉത്തരം: സർദാർ കെ എം പണിക്കർ

## ഹയർസെക്കൻഡറി വിഭാഗം പ്രസംഗമത്സരം

വിഷയം: **സമൂഹമാധ്യമങ്ങൾ : സാധ്യതകളും പരിമിതികളും**

techsandquiz.in